## ആർക്കൊക്കെ അപേക്ഷിക്കാം

* 2019,2020,2021,2022,2023,2024 ൽ ബി. എഡ് പൂർത്തിയാക്കിയ 2017 അഡ്മിഷൻ മുതലുള്ള ബി. എഡ് വിദ്യാർഥികൾക്ക് ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷിക്കാം.

## അപേക്ഷിക്കേണ്ട രീതി

* ഓൺലൈനായി അപേക്ഷിക്കുന്നതിനോടൊപ്പം എസ്.എസ്.എൽ.സി, യോഗ്യതസർട്ടിഫിക്കറ്റ്, ബി. എഡ് ഫൈനൽമാർക്ക്/ഗ്രേഡ് കാർഡ്, പ്രൊവിഷണൽ സർട്ടിഫിക്കറ്റ് എന്നീ ഡോക്യുമെൻറുകൾ PDF ഫോർമാറ്റിൽ **(Max.file size 1MB)** അപ്‌ലോഡ് ചെയ്യേണ്ടതാണ്. **(സ്കാൻ ചെയ്ത സർട്ടിഫിക്കറ്റുകൾ വ്യക്തവും വായിക്കാൻ കഴിയുന്നതുമാണെന്ന് ഉറപ്പുവരുത്തുക)**

* സബ്മിറ്റ് ചെയ്ത അപേക്ഷയുടെ ഒരു കോപ്പി പ്രിൻറൗട്ട് എടുത്ത്, "ഡിക്ലറേഷൻ" എന്ന ഭാഗത്ത് ഒപ്പിട്ട് നേരിട്ടോ തപാൽ വഴിയോ (മേൽവിലാസം - പരീക്ഷാ കൺട്രോളർ, കണ്ണൂർ സർവകലാശാല, താവക്കര, സിവിൽ സ്റ്റേഷൻ പി.ഒ - കണ്ണൂർ-2) സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്ത രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും കൂടെ ആധാർ-ൻെറ പകർപ്പും അതിൽ രജിസ്റ്റർ നമ്പർ, ആധാറുമായി ലിങ്ക് ചെയ്ത മൊബൈൽ നമ്പർ, ഇ-മെയിൽവിലാസം എന്നിവയും വ്യക്തമായി എഴുതി സമർപ്പിക്കേണ്ടതാണ്.

## ഫീസ്

* ഒറിജിനൽ സർട്ടിഫിക്കറ്റിനായി അവസാന സെമസ്റ്റർ പരീക്ഷാഫീസിനൊപ്പം ഫീസ് ഒടുക്കിയ വിദ്യാർഥികൾ വീണ്ടും ഫീസ് അടക്കേണ്ടതില്ല. എന്നാൽ സപ്ലിമെൻററി, ഇംപ്രൂവ്മെൻറ് അവസരങ്ങൾ ഉപയോഗിക്കുന്നവർ സമയാസമയത്തുള്ള ഫീസ് വർദ്ധനയ്കനുസൃതമായി ബാക്കി തുക കൂടി അടയ്ക്കേണ്ടതാണ്.

* പരീക്ഷാഫലം പ്രസിദ്ധീകരിച്ച് ഒരു വർഷത്തിനു ശേഷം അപേക്ഷിക്കുമ്പോൾ യൂണിവേഴ്സിറ്റി നിർദ്ദേശിച്ചിട്ടുള്ള search fee ഒടുക്കേണ്ടതാണ്.

## കുറിപ്പ്

* ഗ്രേസ്മാർക്ക്, റീവാലേഷൻ, ഇംപ്രൂവ്മെൻറ് എന്നിവയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർഥികൾ പുതുക്കിയ ഗ്രേഡ് കാർഡ്/മാർക്ക് ലിസ്റ്റ് ലഭിച്ചതിനു ശേഷം മാത്രമേ ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷിക്കാൻ പാടുള്ളൂ

* ഡിഗ്രി സർട്ടിഫിക്കറ്റുകൾ ഒരിക്കൽ ഇഷ്യു ചെയ്തു കഴിഞ്ഞാൽ ഗ്രേഡ് കാർഡ്/മാർക്ക് ലിസ്റ്റുകളിൽ പ്രസ്തുത മാറ്റങ്ങൾ പിന്നീട് അനുവദിക്കുന്നതല്ല.

* ഡിഗ്രി സർട്ടിഫിക്കറ്റിന് വേണ്ടിയുള്ള കവർ വയ്ക്കേണ്ടതില്ല.

## സംശയ നിവാരണത്തിന്

* എൻക്വയറി നമ്പർ: 0497-2715185

* പി.ജി, ബി. എഡ് 0497-2715253

## ഓൺലൈൻ ഹെൽപ്

- 0497-2715405